**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1581** **08-10-2021 - ൽ മറുപടിയ്ക്ക്**

**കാർഷിക രംഗത്ത് സ്വയംപര്യാപ്തത കൈവരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ തോമസ് കെ തോമസ്,<br>ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി** | | **Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കാർഷിക രംഗം സ്വയംപര്യാപ്തമാക്കാൻ സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് കർഷകരുടെ പ്രശ്നങ്ങൾ മനസിലാക്കി കാർഷിക ഉല്പാദനം വർദ്ധിപ്പിക്കുവാനും സുസ്ഥിരവികസന ലക്ഷ്യങ്ങൾ നേടുന്നതിനു വേണ്ടിയും ഉല്പാദനം, ഉല്പാദനക്ഷമത എന്നീ മേഖലകളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ച് സംസ്ഥാന കൃഷി വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. ഭക്ഷ്യവിളയായ നെല്ല്, പച്ചക്കറി, കിഴങ്ങുവർഗ്ഗങ്ങൾ, ചെറുധാന്യങ്ങൾ എന്നിവയ്ക്കു പുറമെ സുഗന്ധവിളകൾ പഴവർഗ്ഗങ്ങൾ മുതലായവയുടെ കൃഷി നിലനിർത്തുന്നതിനോടൊപ്പം കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് കൃഷി വ്യാപിപ്പിക്കുന്നതിനും ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. കൂടാതെ പരമ്പരാഗത ഇനങ്ങളും നാടൻ ഇനങ്ങളും സംരക്ഷിക്കുന്നതിനും കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നു. കാർഷിക രംഗത്തെ സാങ്കേതിക വിദ്യ കർഷകരിൽ എത്തിക്കുന്നതിനുള്ള കാർഷിക വിജ്ഞാന വ്യാപന പദ്ധതിയും കൃഷിവകുപ്പ് നടപ്പിലാക്കുന്നു. കാർഷിക പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നത് സാദ്ധ്യമാക്കുന്നതിന് കാർഷിക സേവന കേന്ദ്രങ്ങളും സേവന സംവിധാനവും പദ്ധതി കൃഷിവകുപ്പ് നടപ്പിലാക്കുന്നു. കർഷകർ ഉൽപ്പാദിപ്പിക്കുന്ന കാർഷിക ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനവിനും വിപണനത്തിനും ആവശ്യമായ സഹായങ്ങൾ നൽകുന്നതിനാവശ്യമായ പദ്ധതികളും കൃഷിവകുപ്പ് നടപ്പിലാക്കുന്നു. കോവിഡ് മഹാമാരിയുടെ ആഘാതത്തിൽ ബുദ്ധിമുട്ടു അനുഭവിക്കുന്ന കർഷകർക്ക് ഒരു കൈത്താങ്ങായാണ് സംസ്ഥാന സർക്കാർ സുഭിക്ഷ കേരളം പദ്ധതി 2020-21 വർഷത്തിൽ നടപ്പിലാക്കിയത്. കൃഷി, |

മൃഗസംരക്ഷണം, ക്ഷീരവികസനം, ഫിഷറീസ്, സഹകരണം, ജലസേചനം തുടങ്ങിയ വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ടാണ് ഈ പദ്ധതി നടപ്പിലാക്കിയത്. കാർഷിക മേഖലയിൽ തരിശു നില കൃഷി, പച്ചക്കറികൃഷിയിൽ മഴ മറകളുടെ പ്രോത്സാഹനം, സംയോജിത കൃഷി സംവിധാനങ്ങളുടെ (ജൈവഗൃഹം) പ്രോൽസാഹനം, ഒരു കോടി ഫല വൃക്ഷതൈകൾ നട്ടുവളർത്തൽ, വായ്പാ സൗകര്യം ലഭ്യമാക്കൽ എന്നിവ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കി. 2021-22 സാമ്പത്തിക വർഷത്തിൽ സുഭിക്ഷ കേരളം പദ്ധതിയുടെ ഘടകങ്ങൾ മറ്റു പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു. കൃഷിവകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ താഴെ പറയുന്നവയാണ്. 1) നെൽകൃഷി വികസന പദ്ധതി 2) പ്രാദേശിക പ്രാധാന്യമുള്ള വിളകളുടെ വികസന പദ്ധതി 3) പയർവർഗ്ഗ വിള, കിഴങ്ങ് വർഗ്ഗ വിള പ്രോത്സാഹന പദ്ധതി 4) സമഗ്ര പച്ചക്കറി കൃഷി വികസന പദ്ധതി a) ഓണത്തിന് ഒരു മുറം പച്ചക്കറി ഉൾപ്പെടെയുള്ള വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹനം b) സ്ഥാപനങ്ങൾ വഴി പച്ചക്കറി കൃഷി c) ജില്ലാ ക്ലസ്റ്റർ വികസനം d) ഗ്രേഡഡ്ക്ലസ്റ്ററുകളുടെ വികസനം e) മട്ടുപ്പാവ് കൃഷി പ്രോത്സാഹനവും, മാലിന്യ സംസ്കരണവും f) ഹരിത ഗ്രൂപ്പുകളുടെ രൂപീകരണം g) നഴ്സറികൾ സ്ഥാപിക്കൽ h) ഫാമിലി ഡ്രിപ്പ് ഇറിഗേഷൻ സിസ്റ്റം പ്രോത്സാഹിപ്പിക്കൽ i) മഴമറ നിർമ്മാണം j) സേഫ്-ടു-ഈറ്റ് k) സുഭിക്ഷ കേരളം പദ്ധതി l) വി.എഫ്.പി.സി.കെ മുഖനയുള്ള സമഗ്ര പച്ചക്കറി വികസന പദ്ധതി 5) പഴവർഗ്ഗങ്ങൾ, പൂക്കൾ, ഔഷധ സസ്യങ്ങൾ എന്നിവയുടെ വികസനം 6) നാളികേര വികസനം 7) സുഗന്ധ വ്യഞ്ജന വികസന പദ്ധതി 8) ഹൈ ടെക് അഗ്രികൾച്ചർ 9) കവുങ്ങ് കൃഷിയ്ക്കുള്ള പ്രത്യേക പദ്ധതി 10)മണ്ണിന്റെയും വേരിന്റെയും ആരോഗ്യ പരിപാലനവും ഉല്പാദനക്ഷമത ഉയർത്തലും 11) വിള ആരോഗ്യപരിപാലനം 12) ജൈവ കൃഷിയും ഉത്തമ കൃഷി മുറകളും (ജി.എ.പി) 13) ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉല്പാദനവും വിതരണവും 14) ലബോറട്ടറികളുടെ ആധുനീകരണം. 15) കാർഷിക വിജ്ഞാന വ്യാപനം 16) കാർഷിക വിവരവും വിനിമയവും 17) കാർഷിക സേവന കേന്ദ്രങ്ങൾ 18) വിള ഇൻഷ്വറൻസ് പദ്ധതി 19) പ്രകൃതിക്ഷോഭവും രോഗകീടവും അഭിമുഖീകരിക്കുന്നതിനുള്ള അടിയന്തിര പദ്ധതി 20) ജൈവ വൈവിധ്യ സംരക്ഷണം 21) കാർഷിക ഉല്പന്നങ്ങളുടെ വിപണി വികസനം 22)

| | | | |
|---|---|---|---|
| | | | കാർഷികോല്പന്നങ്ങൾക്ക് വിലസ്ഥിരത ഉറപ്പാക്കുന്നതിനായി വിപണി ഇടപെടൽ പദ്ധതി 23) കാർഷികോൽപ്പന്നങ്ങളുടെ സംസ്കരണവും മൂല്യവർദ്ധനയും 24) വയനാട് ജില്ലയുടെ കാർഷിക മേഖല പുനരുജ്ജീവനം 25) ബയോ ഗ്യാസ് പ്ലാന്റുകൾക്ക് അധിക ധനസഹായം 26) ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന നിധി (ആർ.ഐ.ഡി.എഫ്) 27) കൃഷി പാഠശാല 28) പുനർജ്ജനി - പ്രളയാനന്തര കാർഷിക മേഖലയുടെ പുന:സ്ഥാപനം 29) കുട്ടനാട് മേഖലയിലെ കാർഷിക വികസനത്തിനുള്ള പദ്ധതി 30) കേരള ഫാം ഫ്രഷ് - പഴം പച്ചക്കറി തറവില |
| (ബി) | കാർഷിക സ്വയംപര്യാപ്തത കൈവരിക്കാൻ സ്കൂൾ തലം മുതൽ അവബോധ ക്ലാസ്സുകളും കാർഷിക ക്ലബ്ബുകളും നടപ്പാക്കുന്നതിന് നടപടികൾ ഉണ്ടാകുമോ; | (ബി) | വിദ്യാർത്ഥികളിൽ കൃഷിയെക്കുറിച്ചുള്ള ആഭിമുഖ്യം സൃഷ്ടിക്കുവാൻ പാഠം ഒന്ന് പാടത്തേക്ക് എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. വിദ്യാലയങ്ങളിൽ പച്ചക്കറിത്തോട്ടം സ്ഥാപിക്കുന്ന പദ്ധതി, കൃഷി നേരിട്ട് ചെയ്യുന്ന അനുഭവം വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നതിലൂടെ കൃഷിയിലേക്കു കൂടുതൽ ആകൃഷ്ടരാക്കുന്നതിനു സഹായിക്കുന്നു. കന്നിമാസത്തിലെ മകം നാള് നെല്ലിന്റെ പിറന്നാളായി ആഘോഷിക്കുകയും അതനുസരിച്ചുള്ള വിവിധ പരിപാടികൾ വിദ്യാലയങ്ങളിൽ സംഘടിപ്പിച്ചുവരുകയും ചെയ്തു വരുന്നത് വിദ്യാർത്ഥികളിൽ കൃഷിസംസ്കൃതിയെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുന്നു. വിദ്യാലയങ്ങളിലൂടെ പച്ചക്കറി വിത്തുകളും തൈകളും ഫലവൃക്ഷതൈകളും വിതരണം ചെയ്യുന്നത് വിദ്യാർത്ഥികളെ അവരവരുടെ ഭവനങ്ങളിൽ കൃഷി ചെയ്യുന്നതിന് പ്രേരിപ്പിക്കുകയും തദ്വാരാ കൂടുതൽ ഭവനങ്ങളിൽ കൃഷി വ്യാപിപ്പിക്കുന്നതിനും അത് മൂലം കാർഷിക സ്വയംപര്യാപ്തതയിലേക്കു കൂടുതൽ അടുക്കുന്നതിനും സഹായകരമാകുന്നു. |
| (സി) | യുവജനങ്ങളെ കാർഷികവൃത്തിയിലേക്ക് ആകർഷിക്കുവാൻ എന്തൊക്കെ പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (സി) | കാർഷിക മേഖലയിലേയ്ക്ക് യുവജനങ്ങളെ ആകർഷിക്കുന്നതിന് നൂതന കൃഷിരീതികളുടെ പ്രയോഗം, യന്ത്രവത്ക്കരണം, കൂടുതൽ വരുമാനം എന്നിവ അവശ്യം വേണ്ട ഘടകങ്ങളാണ്. ഇതിനായി താഴെ പറയുന്ന പദ്ധതികൾ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. 1. ഹൈ-ടെക്-അഗ്രിക്കൾച്ചർ 2. പച്ചക്കറി കൃഷി വികസന പദ്ധതി 3. അഗ്രോ സർവ്വീസ് സെന്ററും കാർഷിക കർമ്മസേനയും 4. ജൈവ നിയന്ത്രണോപാധികളുടെ ഉല്പാദനം 5. കാർഷിക മൂല്യവർദ്ധന യൂണിറ്റുകൾ 6. അഗ്രോ പാർക്ക് 7. വിളവെടുപ്പിന് ശേഷമുള്ള സംസ്കരണവും മൂല്യവർദ്ധനവും 8. കൃഷി-പാഠശാല 9. ഇന്റേൺഷിപ് പരിപാടി |

സെക്ഷൻ ഓഫീസർ